സൗരഗൃഹ പദ്ധതി

25 (*55) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. എം. ഹംസ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം 10,000 വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ടും അതിലധികവും ശേഷിയുള്ള സൗര വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുവാനും ഇവയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നല്കുവാനും ബഡ്ജറ്റിൽ പ്രഖ്യാപിച്ച സൗരഗൃഹ പദ്ധതിയുടെ നിജസ്ഥിതി വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എത്ര കിലോവാട്ട് വൈദ്യുതിയായിരുന്നു ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത്; ലഭിച്ചത് എത്രയാണ്;

(സി) സോളാർ പദ്ധതിയുടെ പേരിൽ ഉണ്ടായ തട്ടിപ്പുകളുടെ ഭാഗമായി പദ്ധതി നിർവ്വഹണം പരാജയപ്പെടാനിടയായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തട്ടിപ്പുകാർക്ക് ജനങ്ങളിൽ നിന്നും കോടിക്കണക്കിന് രൂപ തട്ടിപ്പ് നടത്തുന്നതിന് സഹായകരമായിട്ടാണ് സർക്കാർ പദ്ധതിയും സോളാർ നയവും നടപ്പിലാക്കാൻ ശ്രമിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10000 സൗരഗൃഹ പദ്ധതി ശൃംഖലാ ബന്ധിത പദ്ധതിയല്ല. കേരളത്തിലുടനീളമുള്ള പതിനായിരം വീടുകളിലായി സ്വന്തം ഉപയോഗത്തിന് മാത്രമായി ഒരു കിലോവാട്ടിന്റെ പവർ പ്ലാന്റുകൾ സ്ഥാപിക്കുക വഴി സംസ്ഥാനത്തിന്റെ സ്ഥാപിതശേഷി 10 മെഗാവാട്ട് കൂടി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ അനെർട്ട് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന 10000 സൗരഗൃഹ പദ്ധതിപ്രകാരം നിലവിൽ 18200-ൽ അധികം അപേക്ഷകൾ ലഭിക്കുകയും ഇതിൽ അനുമതി ലഭിച്ച 8500-ൽ അധികം ഭവനങ്ങളിൽ പവർപ്ലാന്റുകൾ സ്ഥാപിച്ച് 8.5 മെഗാവാട്ടിലധികം സ്ഥാപിത ശേഷി കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 10 മെഗാവാട്ട് ലക്ഷ്യത്തോടെ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതി ഇതുവരെയായി 8.5 മെഗാവാട്ടിലധികം കൈവരിച്ച് ലക്ഷ്യത്തോടടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. അനെർട്ടിന്റെ സൗരഗ്രഹ പദ്ധതി വഴി പ്രതിഷ്ഠാപനങ്ങൾ ആരംഭിച്ചശേഷം ജനങ്ങളിൽ നിന്നും നല്ല പ്രതികരണങ്ങൾ ലഭിച്ചുതുടങ്ങിയതോടെ ഈ പദ്ധതി പ്രകാരം 18200-ൽ അധികം അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇവ പരിശോധിച്ച് നിലവിൽ 8500-ൽ അധികം ഭവനങ്ങളിൽ ഒരു കിലോവാട്ട് പവർപ്ലാന്റുകൾ സ്ഥാപിച്ച് ഏകദേശം 8.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതി 2015-16 കാലയളവിൽതന്നെ വിജയകരമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) ഇല്ല.

കളിമൺ വ്യവസായ സ്ഥാപനങ്ങൾ

26 (*56) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കളിമൺ ഉപയോഗിച്ച് പ്രവൃത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങൾ സമാനസ്വഭാവമുള്ള വ്യവസായങ്ങളുമായി സംയോജിപ്പിച്ചാൽ പ്രതിസന്ധിയിൽ നിന്നും കരകയറാനുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ;

(ഇ) കളിമൺ ഉപയോഗിച്ച് പ്രവൃത്തിക്കുന്നതും തകർച്ച നേരിടുന്നതുമായ സ്ഥാപനങ്ങൾ സമാന സ്വഭാവത്തിലുള്ളതുമായി ലയിപ്പിക്കുകയോ മറ്റ് തരത്തിൽ സഹകരിപ്പിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങൾ മറ്റ് പൊതുമേഖലാ സ്ഥാപനവുമായി സംയോജിപ്പിച്ച് സംരക്ഷിക്കുന്നതിൽ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly